# ഇസ്രായേൽ അനുകൂല ലേഖനം തരൂരിനെവേട്ടയാടുന്നു

**വിജു ചെറിയാൻ**
26-മാർച്ച്, 2009 ചെന്നൈ




തിരുവനന്തപുരം ലോകസഭാ മണ്ഡലത്തിലെ കോൺഗ്രസ്സ് സ്ഥാനാർത്ഥി ശശി തരൂർ, ഇസ്രായേൽ ദിനപത്രമായ "ഹാരിട്സ്" ൽ ഇക്കഴിഞ്ഞ ജനുവരി 29ന് എഴുതിയ ലേഖനം അദ്ദേഹത്തിനുതന്നെ വിനയായിക്കൊണ്ടിരിയ്ക്കുകയാണ്. ഗാസാ പ്രദേശത്തെ ഇസ്രായേലിന്റെ പട്ടാളപ്രതിരോധത്തെ അകമഴിഞ്ഞ് പ്രകീർത്തിച്ചുകൊണ്ടുള്ളതാണ്, മുൻ ഐക്യരാഷ്ട്രസഭാ അണ്ടർസെക്രട്ടറിജനറലിന്റെ ലേഖനം. ഇസ്രായേലിനോടുള്ള അദ്ദേഹത്തിന്റെ ആരാധനാമനോഭാവം, കറകളഞ്ഞ ബി.ജെ.പി സൈദ്ധാന്തികരെപ്പോലും അമ്പരപ്പിക്കുന്നതാണ്.

"ഇസ്രായേലെന്ന ചെറുരാജ്യം, എതിർശക്തികളാൽ സ്ഥിരമായി വലയം ചെയ്യപ്പെട്ട് കഴിഞ്ഞു കൂടുകയാണെന്ന" തരൂരിന്റെ സഹതാപാശ്രുക്കളാണ്, കേരളത്തിലെ ജനങ്ങൾക്ക് പൊതുവേയും തിരുവനന്തപുരത്തുകാർക്ക് പ്രത്യേകിച്ചും താത്പര്യമുണർത്തുന്നത്. "എതിർ ശക്തി"കളെന്ന് തരൂർ വിളിയ്ക്കുന്ന "ഹമാസ്" പാലസ്റ്റീൻ ജനതയാൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരാണെന്ന് അദ്ദേഹം മറക്കുന്നു. മനുഷ്യാവകാശധ്വംസനങ്ങളുടെ പേരിൽ ഐക്യരാഷ്ട്ര മനുഷ്യാവകാശ കൗൺസിലിന്റെ പഴികൾ ധാരാളം കേട്ട ഇസ്രായേലി പട്ടാളത്തെയാണ് അദ്ദേഹമിങ്ങനെ പ്രകീർത്തിക്കുന്നതെന്ന് കേരളത്തിലെ വോട്ടർമാർക്ക് നന്നായറിയാം.

"ഇസ്രായേൽ ടാങ്കുകളും വിമാനങ്ങളും ഗാസാപ്രദേശത്ത് ശക്തമായ ആക്രമണം അഴിച്ചുവിടുമ്പോൾ ഇന്ത്യൻ നേതാക്കളും സങ്കീർണ്ണചിന്തകൻമാരും താത്പര്യത്തോടെയും അനുതാപത്തോടെയും വീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്ന്" തരൂർ എഴുതുമ്പോൾ തന്റെ ഇസ്രായേൽ പ്രേമം അദ്ദേഹത്തിന് മറച്ചുവെയ്ക്കാനാകുന്നില്ല. തരൂർ ഇവിടെ വിവക്ഷിക്കുന്ന ചിന്തകകേസരികൾ ആരൊക്കെയാണെന്നന്വേഷിക്കുന്നത് നന്നായിരിക്കും.

"ഇന്ത്യയും ഇസ്രായേലും ഒരേ ശത്രുക്കളെത്തന്നെയാണ് പങ്കിട്ട് പോരടിയ്ക്കുന്നതെന്നത് വേദനാജനകമായ വസ്തുതയാണെന്ന" ലേഖനത്തിലെ പ്രസ്താവം പലരുടേയും നെറ്റിച്ചുളിപ്പിച്ചേക്കാം. ഹമാസ് സത്യത്തിൽ ശത്രുവാണോ? അമേരിക്കൻ ആധിപത്യത്തിൽ സദ്ദാം ഹുസൈനെകൊലപ്പെടുത്തിയപ്പോൾ അതിനെതിരെ പ്രതിഷേധമുയർത്തിയ തിരുവനന്തപുരത്ത് തരൂരിന്റേത് ഒറ്റപ്പെട്ട ശബ്ദമാകാനാണ് സാധ്യത.

ഇസ്രായേലിനുവേണ്ടി ശബ്ദമുയർത്തന്നതിനിടെ കോൺഗ്രസ്സ് നയിയ്ക്കുന്ന യു.പി.എ ക്കെതിരെയും അതിന്റെ അതിർത്തി സുരക്ഷാനയങ്ങൾക്കെതിരെയും ചെളിവാരിയെറിയാൻ തരൂർ മടിയ്ക്കുന്നില്ല.

ഇസ്രായേലിനെഅപേക്ഷിച്ച് (ഭീകരാക്രമണങ്ങൾക്കെതിരെ) ഇന്ത്യക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്നും അതിർത്തികൾ ദുർബ്ബലമായ, അലസതക്കും അശ്രദ്ധക്കും പേരുകേട്ട ഒരു ഭീമൻ രാഷ്ട്രമാണ് ഇന്ത്യയെന്നും അദ്ദേഹം വിലയിരുത്തുന്നു. അമേരിക്കൻ ശൈലിയിൽ കൈമാറ്റം വച്ചു വേണം ദേശീയഗാനമാലപിയ്ക്കാൻ എന്ന അദ്ദേഹത്തിന്റെ ഭേദഗതി നിർദ്ദേശം ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല. കൊക്കാക്കോള ഫൗണ്ടേഷൻ ഉപദേശകസമിതി അംഗം എന്ന അദ്ദേഹത്തിന്റെ കേരളത്തിലെ ഇടതുപ്രചാരണങ്ങൾക്ക് ഉണർച്ചേക്കുമെന്നുറപ്പ്.